LIBRARY ARCHIVES Kerala Legislative Assembly

സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒന്നാംഘട്ട അവതരണം കഴിഞ്ഞിട്ടുണ്ട്. അതത് മേഖലയിലെ സാങ്കേതിക വിദഗ്ധ സമിതിയുടെ പരിശോധനകൾക്കുശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകി നടപ്പിലാക്കുമ്പോൾ വലിയ മാറ്റങ്ങൾ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകമായി അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനം സംബന്ധിച്ച വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. ഇതിന്റെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഇലക്ട്രോണിക്സ് വ്യവസായ മേഖല

105(3537) ശ്രീ. ആന്റണി ജോൺ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ കെൽട്രോൺ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

വിലയിരുത്തിയിട്ടുണ്ട്; സംസ്ഥാനത്ത് ഇലക്ട്രോണിക്സ് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ 1972-ലാണ് സ്ഥാപിതമായത്. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ കെൽട്രോണിന് സമാനമായ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നെങ്കിലും ആഗോളവത്ക്കരണത്തിന്റെ ഫലമായി വിപണിയിൽനിന്നും നേരിട്ട കടുത്ത മത്സരം അതിജീവിക്കാൻ സാധിക്കാതെ പലതും പ്രവർത്തനം നിർത്തലാക്കുകയുണ്ടായി. എന്നാൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലോടുകൂടി അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇലക്ട്രോണിക് സാങ്കേതിക രംഗത്ത് വിവിധ വൈവിദ്ധ്യവത്ക്കരണ വിപുലീകരണ പദ്ധതികളിലൂടെ കെൽട്രോണിനും സബ്സിഡിയറി യൂണിറ്റുകൾക്കും പ്രവർത്തിക്കുവാൻ സാധിച്ചു. കെൽട്രോൺ ഗുണമേന്മയുള്ള നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും രാജ്യത്തുടനീളം വിവിധ ഇലക്ട്രോണിക്സ് അധിഷ്ഠിത പദ്ധതികൾ രൂപകൽപ്പന ചെയ്ത് മികച്ച രീതിയിൽ നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഡിഫൻസ്, എയ്റോസ്പെയ്സ്, പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ്, സെക്യൂരിറ്റി സർവൈലൻസ്, ഇന്റലിജന്റ് ട്രാഫിക്

മാനേജ്മെന്റ്, ട്രാഫിക് എൻഫോഴ്സ്മെന്റ്, കപ്പാസിറ്റർ നിർമ്മാണം, മെഡിക്കൽ ഇലക്ട്രോണിക്സ്, സ്മാർട്ട് സിറ്റി പദ്ധതികൾ എന്നീ മേഖലകളിൽ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണവും അനുബന്ധ പദ്ധതികളും കെൽട്രോൺ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തിന് വേണ്ടത്ര കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിരുന്നോ;

(സി) വ്യവസായ മേഖലയ്ക്ക് വൻ മുതൽക്കൂട്ടാക്കാവുന്ന ഇലക്ട്രോണിക് വ്യവസായമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി &സി) ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിന് ഇലക്ട്രോണിക്സ് വ്യവസായ രംഗത്തെ പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കെൽട്രോൺ എല്ലാ വിധത്തിലും ശ്രമിച്ചിട്ടുണ്ട്. ആഗോളവത്കരണത്തിന്റെ ഫലമായി കൺസ്യൂമർ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ വിപണി കയ്യടക്കിയിരിക്കുന്നത് കൂടുതലും വിദേശ കമ്പനികളുടെ ഉൽപ്പന്നങ്ങളാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ കെൽട്രോൺ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

എയ്റോ സ്പേസ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, പ്രതിരോധ വകുപ്പിനാവശ്യമായ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിവിധ സാങ്കേതിക സംവിധാനങ്ങളുടെ ഏകോപനം എന്നീ മേഖലകളിൽ കെൽട്രോൺ ചുവടുറപ്പിക്കുകയുണ്ടായി. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ വിവിധ സാങ്കേതിക സേവനങ്ങൾ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏകോപിപ്പിച്ച് നൽകുന്ന പ്രവർത്തന മേഖലയിൽ കെൽട്രോൺ വൈദഗ്ധ്യം നേടിക്കഴിഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള സമഗ്രമായ മാസ്റ്റർ പ്ലാൻ കെൽട്രോൺ തയ്യാറാക്കി വരുന്നു. പവർ സെമികണ്ടക്ടറുകൾ, മൾട്ടിലെയർ

LIBRARY ARCHIVES Kerala Legislative Assembly

പി.സി.ബി., സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, സോളാർ പമ്പ് കൺട്രോളർ, വാണിജ്യാടിസ്ഥാനത്തിലുള്ള 5KVA യു.പി.എസ്. സിസ്റ്റം, ലിഥിയം അയൺ ബാറ്ററി അസംബ്ലി പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് കെൽട്രോൺ രൂപം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ക്രിട്ടിക്കൽ കെയർ വെന്റിലേറ്റർ, ഇൻഫന്റ് ബേബി വാർമർ, ശ്രവൺ മിനി ഹിയറിംഗ് എയ്ഡ്, കോക്ലിയർ ഇംപ്ലാന്റ് സിസ്റ്റം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള പദ്ധതികളും കെൽട്രോൺ ആവിഷ്കരിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് അനുബന്ധ മേഖലയ്ക്ക് ആവശ്യമായ ഗവേഷണ വികസന സൗകര്യങ്ങൾ, ആധുനിക ടെസ്റ്റിംഗ് സൗകര്യങ്ങൾ, ഇലക്ട്രോണിക്സ് കമ്പോണന്റ്സിന്റെ നിർമ്മാണ പദ്ധതികൾ എന്നിവയും കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ പുരോഗതിക്കായി കെൽട്രോൺ ആവിഷ്കരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

106(3538) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി ലാഭവിഹിതം എത്രയാണ്; വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ലാഭവിഹിതം നൽകിയിട്ടുള്ളത്. പ്രസ്തുത കമ്പനികൾ നൽകിയിട്ടുള്ള ലാഭവിഹിതത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly